## ഉപജീവന ബത്ത സംബന്ധിച്ച തർക്കം പരിഗണനയിലിരിക്കെ അനുരഞ്ജനോദ്യോഗസ്ഥന്റെ അനുമതിയില്ലാതെ പിരിച്ചുവിട്ട തൊഴിലാളിക്ക് മുഴുവൻ മുൻകാല വേതനവും വിരമിക്കൽ ആനുകൂല്യങ്ങളും നല്കണം

### ഗോഹട്ടി ഹൈക്കോടതി

W.P. (C) No. 2436/2017 Dt. 10.12.2019

ലല്ലച്ചേറ ടീ എസ്റ്റേറ്റ്
x
സുരാജ് ദിയോ തിവാരി

തൊഴിലാളി തേയിലത്തോട്ടത്തിൽ ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു. തേയിലത്തോട്ടത്തിൽ ജലസേചനത്തിനായി അലുമിനിയം കുഴലുകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അപ്രകാരമിരിക്കെ തൊഴിലാളിക്കെതിരെ പെരുമാറ്റദൂഷ്യം ആരോപിക്കപ്പെട്ടു. ഫാക്ടറിയിൽ സ്ഥാപിച്ചിരുന്ന 3,200 രൂപ വിലമതിപ്പുള്ള അലുമിനിയം കുഴലുകൾ തൊഴിലാളി നശിപ്പിച്ചു എന്ന കുറ്റമാണ് അയാൾക്കെതിരെ ഉന്നയിക്കപ്പെട്ടത്. തുടർന്ന് 17.10.2006-ൽ മേനേജ്മെന്റ് അയാളെ സസ്പെന്റ് ചെയ്യുകയും അയാൾക്ക് കാരണം-കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തു. അയാളുടെ മറുപടി തൃപ്തികരമല്ലെന്നു കണ്ട മേനേജ്മെന്റ് ഗാർഹികാന്വേഷണത്തിന് ഉത്തരവിട്ടു. ഗാർഹികാന്വേഷണം തുടർന്നുകൊണ്ടിരിക്കെ 50% എന്ന നിരക്കിലാണ് മേനേജ്മെന്റ് അയാൾക്ക് ഉപജീവന ബത്ത നല്കിയത്. ഉപജീവന ബത്ത 75% ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് തൊഴിലാളി ലേബർ ഓഫീസർക്ക് പരാതി നല്കി. ഇതു സംബന്ധിച്ചുള്ള അനുരഞ്ജന ചർച്ച അനിശ്ചിതമായി നീണ്ടുപോയി. ഇതിനിടെ ഗാർഹികാന്വേഷണം പൂർത്തിയായി. തൊഴിലാളിക്കെതിരെയുള്ള പെരുമാറ്റദൂഷ്യ ആരോപണം തെളിഞ്ഞിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. മേനേജ്മെന്റ് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് തൊഴിലാളിക്ക് നല്കുകയോ ശിക്ഷയെക്കുറിച്ച് അയാളുടെ അഭിപ്രായം തേടുകയോ ചെയ്തില്ല. അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ 6.12.2007-ൽ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. പിറ്റെ ദിവസം തൊഴിലാളി വിരമിക്കാനിരിക്കെയാണ് മേനേജ്മെന്റ് അയാളെ പിരിച്ചുവിട്ടത്. ഉപജീവന ബത്ത സംബന്ധിച്ച തർക്കം ലേബർ ഓഫീസറുടെ പരിഗണനയിലിരിക്കെ പ്രസ്തുത ഉദ്യോഗസ്ഥന്റെ അനുമതി വാങ്ങാതെയുമാണ് മേനേജ്മെന്റ് അപ്രകാരം ചെയ്തത്. ഇതു സംബന്ധിച്ച് തൊഴിലാളി ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ വ്യവസായ തർക്കം ഉന്നയിച്ചു. തൊഴിലാളിക്കെതിരെയുള്ള ഗാർഹികാന്വേഷണം കുറ്റമറ്റ രീതിയിലാണ് നടന്നതെന്നും പെരുമാറ്റദൂഷ്യം വളരെ ഗുരുതരമാണെന്നും അത് തെളിഞ്ഞിട്ടുണ്ടെന്നും പ്രഖ്യാപിച്ച ട്രൈബ്യൂണൽ തൊഴിലാളിക്കു നല്കിയ ശിക്ഷ ശരിവയ്ക്കുകയും ചെയ്തു. എന്നാൽ ഗാർഹികാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് തൊഴിലാളിക്ക് നല്കാതിരുന്നതും ശിക്ഷയെ കുറിച്ച് അഭിപ്രായം തേടാതിരുന്നതും കടുത്ത നിയമ ലംഘനവും സ്വാഭാവിക നീതിയുടെ നിഷേധവുമാണെന്നും വിലയിരുത്തിയ ട്രൈബ്യൂണൽ തൊഴിലാളിയെ ജോലിയിൽ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിച്ചു. തൊഴിലാളി നടത്തിയ ക്രമക്കേടുകൾ കണക്കിലെടുത്ത ട്രൈബ്യൂണൽ മുൻകാല വേതനം തൊഴിലാളിക്ക് നിഷേധിച്ചു. ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധിക്കെതിരെ മേനേജ്മെന്റും തൊഴിലാളിയും വെവ്വേറെ റിട്ട് ഹർജികൾ ഹൈക്കോടതിയിൽ സമർപ്പിച്ചു. തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന ഉത്തരവ് റദ്ദാക്കണമെന്ന് മേനേജ്മെന്റും മുൻകാല വേതനം അനുവദിക്കണമെന്ന് തൊഴിലാളിയും ആവശ്യപ്പെട്ടു. ഗാർഹികാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നല്കാത്തതോ ശിക്ഷയെക്കുറിച്ച് അഭിപ്രായം തേടാത്തതോ തൊഴിലാളിയെ ദോഷകരമായി ബാധിച്ചിട്ടില്ലെന്നും ശിക്ഷ ശരിവച്ചതിനു ശേഷം തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് ട്രൈബ്യൂണൽ ഉത്തരവിട്ടത് തെറ്റും അന്യായവുമാണെന്നും മേനേജ്മെന്റ് വാദിച്ചു. ഉപജീവന ബത്ത സംബന്ധിച്ച തർക്കം അനുരഞ്ജനോദ്യോഗസ്ഥന്റെ പരിഗണനയിലിരിക്കെ ആ അധികാരിയുടെ മുൻകൂർ അനുമതി വാങ്ങാതെ തന്നെ പിരിച്ചുവിട്ടത് നിയമവിരുദ്ധമായ നടപടിയാണെന്ന് തൊഴിലാളി വാദിച്ചു. ഗാർഹികാന്വേഷണത്തിന് ആധാരമായ സസ്പെൻഷനുമായി നേരിട്ട് ബന്ധമുള്ള വ്യവസായ തർക്കമാണ് ഉപജീവന ബത്ത സംബന്ധിച്ച പരാതിയെന്ന് ഹൈക്കോടതി വിലയിരുത്തി. അത്തരം പരാതി പരിഗണനയിലിരിക്കെ ആ അധികാരിയുടെ അനുമതി വാങ്ങാതെ തൊഴിലാളിയെ പിരിച്ചുവിട്ടത് നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ച ഹൈക്കോടതി തൊഴിലാളിയുടെ വിരമിക്കൽ തീയതി വരെയുള്ള വേതനവും മുഴുവൻ വിരമിക്കൽ ആനുകൂല്യങ്ങളും തൊഴിലാളിക്ക് നല്കണമെന്ന് വിധിക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.